## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 510** **19.11.2019-ൽ മറുപടിക്ക്**

## അനധികൃത വൈദ്യുത വേലികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.എൻ.എ ഖാദർ<br>,, മഞ്ഞളാംകുഴി അലി<br>,, എം. സി. കമറുദ്ദീൻ<br>,, പി.കെ.ബഷീർ | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കാർഷിക വിളകൾ, ഫാമുകൾ മുതലായവയ്ക്കു ചുറ്റും ലോഹക്കമ്പികൾ ഉപയോഗിച്ച് വേലി കെട്ടി അവയിൽ വൈദ്യുതി കടത്തിവിട്ട് വൈദ്യുത വേലിയായി ഉപയോഗിക്കുന്ന പ്രവണത സംസ്ഥാനത്ത് വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ജീവഹാനി ഉൾപ്പെടെയുള്ള അപകടങ്ങൾ ഇടയ്ക്കിടെ ഉണ്ടാകുന്ന സാഹചര്യത്തിൽ നിയമവിധേയമല്ലാത്ത ഈ പ്രവൃത്തിക്കെതിരെ കർശന നടപടിയെടുക്കുന്നതിനും അവബോധം വളർത്താനും അടിയന്തര നടപടികൾ കൈക്കൊള്ളുമോ; അറിയിക്കാമോ? | (ബി) | ജീവഹാനി ഉൾപ്പെടെയുള്ള അപകടങ്ങൾ ഇടയ്ക്കിടെ ഉണ്ടാകുന്ന സാഹചര്യത്തിൽ നിയമവിധേയമല്ലാത്ത ഈ പ്രവൃത്തിക്കെതിരെ കർശനനടപടി എടുക്കുന്നതിനും അവബോധം വളർത്താനും ഉള്ള അടിയന്തിര നടപടികൾ കൈക്കൊണ്ട് വരുന്നു.<br>അനധികൃതമായി കമ്പിവേലികളിലൂടെ വൈദ്യുതി കടത്തിവിടുന്നവർക്കെതിരെ കർശനനടപടികൾ സ്വീകരിക്കുമെന്ന പത്രവാർത്ത പല മേഖലകളിലും നൽകിയിട്ടുണ്ട്. കൂടാതെ ജനങ്ങൾക്കിടയിൽ ബോധവൽക്കരണ ക്ലാസ്സുകൾ എല്ലാ സ്ഥലങ്ങളിലും അതാത് സ്ഥലത്തെ KSEB സെക്ഷൻ ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ തുടർച്ചയായി നടത്തുകയും മീഡിയ മുഖാന്തിരം ഇലക്ട്രിക്കൽ സേഫ്റ്റി സംബന്ധിച്ച് അവബോധം നൽകുകയും ചെയ്തിട്ടുണ്ട്.<br>കൂടാതെ 2019 മേയ് ആദ്യ ആഴ്ച സുരക്ഷാവാരമായി ആചരിച്ചു. പഞ്ചായത്ത് മെംബർമാർ, പൊതുപ്രവർത്തകർ, എൻ.ജി.ഓ, റെസിഡൻഷ്യൽ അസോസിയേഷനുകൾ തുടങ്ങിയവരുടെ സഹകരണത്തോടെ വിവിധങ്ങളായ പൊതുജന ബോധവത്കരണ പരിപാടികളോടു കൂടി സുരക്ഷാവാരം ആചരിച്ചിരുന്നു.<br>കൂടാതെ ഇതിനോടനുബന്ധിച്ച് എല്ലാ |

ഓഫീസുകളിലും "സമ്പൂർണ്ണ സുരക്ഷാ വർഷം 2019 " വൈദ്യുതി സുരക്ഷാവാരാചരണം,"വൈദ്യുതി സുരക്ഷ നടപടികൾ പാലിക്കു, വൈദ്യുതി അപകടങ്ങൾ ഒഴിവാക്കു" എന്നീ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട് .

ഇത്തരത്തിലുള്ള അനധികൃത വൈദ്യുതി ഉപയോഗം സെക്ഷൻ ഓഫീസുകളുടെ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ കണക്ഷൻ വിട്ടതൽ ചെയ്യുവാനും കർശന നടപടികൾ സ്വീകരിക്കുവാനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ